പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

എസ്.പി.സി.(1)/265901/2022/എച്ച്.എസ്.ഇ തീയ്യതി: 24/11/2022

## സർക്കുലർ

വിഷയം: ഹസെ.വി. - SSK നടപ്പിലാക്കുന്ന "YIP ശാസ്ത്രപഥം" പദ്ധതി സംബന്ധിച്ച അറിയിപ്പ്.

സൂചന: SSK സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടറുടെ 17/11/2022 തീയ്യതിയിലെ P3/5745/2022/ SSK നമ്പർ കത്ത്

പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഹൈസ്കൂൾ/ഹയർ സെക്കന്ററി വിദ്യാർത്ഥികളിൽ ശാസ്ത്രബോധം, ഗവേഷണാത്മക ചിന്ത എന്നിവ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിൽ വരുത്തുന്ന പദ്ധതിയാണ് "YIP ശാസ്ത്രപഥം". പൊതുവിദ്യാഭ്യാസ വകുപ്പ്, SSK, കെ-ഡിസ്ക് (Young Innovative Programme) എന്നിവർ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- 8,9 ഹയർസെക്കന്ററി ഒന്നാം വർഷം (+1) വിദ്യാർത്ഥികളിൽ നിന്നും 3 പേരടങ്ങുന്ന സംഘത്തെ പദ്ധതിക്കായി സ്കൂൾ തലത്തിൽ തെരഞ്ഞെടുക്കണം.
- തെഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി സംഘത്തിന് ബി.ആർ.സി, ജില്ലാ, സംസ്ഥാനതല ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് അവസരം ഉണ്ടാകുന്നതാണ്. പ്രൊജക്ട് ആശയങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ അക്കാദമിക പിന്തുണ കൈവരിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ക്യാമ്പുകൾ സഹായകരമാകുന്നു.
- ഗവേഷണം സംബന്ധിച്ച ആശയങ്ങൾ ഇതിനായി സജ്ജീകരിച്ചിട്ടുള്ള കെ-ഡിസ്ക്-YIP വെബ്ബ് പോർട്ടലിൽ വിദ്യാലയ രജിസ്ട്രേഷൻ നടത്തി അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- പദ്ധതി പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിന് എല്ലാ ഹയർസെക്കന്ററി വിദ്യാലയങ്ങളിലേയും ഒരു ഹയർസെക്കന്ററി അധ്യാപകന്/അധ്യാപികയ്ക്ക് പരിശീലനം നൽകുന്നതാണ്.

ഗവേഷണാഭിമുഖ്യമുള്ള അധ്യാപകരിലൊരാളെ ശാസ്ത്രപഥം പരിശീലനത്തിന് പ്രിൻസിപ്പൽമാർ നിയോഗിക്കേണ്ടതാണ്.

പദ്ധതി സംബന്ധിച്ച് SSK യിൽ നിന്നും യഥാസമയം നിർദ്ദേശങ്ങൾ സ്കൂളുകളിലേക്ക് ലഭ്യമാക്കുന്നതായിരിക്കും. ആയതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി സ്കൂളുകളിൽ നിന്നും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഒപ്പ്/-

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**